നിയമം നടപ്പാക്കാൻ ശ്രമിച്ചാൽ വിദ്യാർത്ഥികളുടെ കാര്യം വിഷമത്തിലാകുമെന്നുള്ളതുകൊണ്ട് ചില അയവു കാണിച്ചെന്നുവരും. നിബന്ധന പാലിക്കണമെന്നു തന്നെയാണ് ഗവണ്മെൻറിന്റെ തീരുമാനം.

ശ്രീ. പി. കുഞ്ഞൻ: സ്ഥലസൗകര്യവും കെട്ടിടവുമില്ലാത്ത സ്കൂളുകൾക്കു കൊല്ലം തോറും പെർമിഷൻ കൊടുക്കാൻ പാടില്ലെന്നു ഡി. ഇ. ഒ: ശുപാർശ ചെയ്തിട്ടും പെർമിഷൻ കൊടുക്കാൻ കാരണമെന്താണ് ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ : ഡി. ഇ. ഒ. ശുപാർശ ചെയ്തിട്ടും പെർമിഷൻ കൊടുത്തത് ഏതു സ്കൂളിനാണെന്നു ബഹുമാനപ്പെട്ട മെമ്പർ പ്രത്യേകം എഴുതി അറിയിച്ചാൽ അതിനു ഉത്തരവാദി ആരാണെന്നു കണ്ടുപിടിക്കാം.

ശ്രീ. എൻ. കെ. ശേഷൻ : നിയമത്തിൽ അയവു വരുത്താൻ ആർക്കാണ് അധികാരം, ഡയറക്ടർക്കാണോ ഗവണ്മെൻറിനാണോ ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: ചില പ്രത്യേക കേസുകളിൽ ഗവണ്മെൻറു തന്നെ തീരുമാനം എടുക്കാറുണ്ട്.

വികസനപ്രവർത്തനങ്ങൾക്കു ചെലവായ സംഖ്യ

* 172 [627] ശ്രീ. പി. കെ. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1968–69 സാമ്പത്തികവർഷത്തിൽ ജില്ലകളിലെ വികസനപ്രവർത്തനങ്ങൾക്കുവേണ്ടി നീക്കിവച്ചിരുന്ന തുകയിൽ ഏറ്റവും കൂടുതൽ ചെലവഴിച്ച ജില്ലയേത്;

(ബി) കൂടുതൽ തുക ലാപ്സാക്കിക്കളഞ്ഞ ജില്ലയുടെ പേരുകൂടി വ്യക്തമാക്കുമോ ?

ഗതാഗതമന്ത്രി (ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ) :

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.

ഹരിജൻ കോളനികളിൽ താമസിക്കുന്നവർക്കു പട്ടയം

* 173 [628] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനവും ഹരിജനക്ഷേമവും മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിജൻ കോളനികളിൽ താമസിക്കുന്നവർക്കു പട്ടയം കൊടുക്കുന്നതിനു എന്തെല്ലാം നടപടികളാണെടുത്തിട്ടുള്ളത്;

(ബി) ഏതു കോളനികളിൽ ഏതു പേർക്കു ഓരോ ജില്ലയിലും ഇത്തരം പട്ടയങ്ങൾ കൊടുത്തു;

(സി) ഈ പട്ടയവിതരണം ത്വരിതപ്പെടുത്താനുള്ള നടപടികൾ എടുക്കുമോ ?

വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. എം. കെ. കൃഷ്ണൻ):

(എ) സംസ്ഥാനത്തെ എല്ലാ ഹരിജൻ കോളനികളിലും താമസക്കാരായ ഹരിജനങ്ങൾക്കു പട്ടയം കൊടുക്കാനുള്ള കല്പന ഗവണ്മെൻറു നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ : പഴയ കൊച്ചി ഏരിയായിൽ നാല്പത്തു കൊല്ലമായി കോളനികളിൽ താമസിക്കുന്ന ഹരിജനങ്ങൾക്ക് പട്ടയം കൊടുക്കാതെയുണ്ട്. ഒരു നിശ്ചിത കാലാവധിക്കുള്ളിൽ എല്ലാവർക്കും പട്ടയം കൊടുക്കുന്ന നടപടി പൂർത്തിയാക്കാൻ ഒരു സ്പെഷ്യൽ സ്റ്റാഫിനെ നിയമിക്കാൻ നടപടിയെടുക്കുമോ ?

ശ്രീ. എം. കെ. കൃഷ്ണൻ: അതിനു വേണ്ട എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഹരിജൻ കോളനികളിൽ ഹരിജനങ്ങളല്ലാത്ത ആളുകൾ ബലമായി കയറി താമസിക്കുന്നവർക്ക് പട്ടയം കൊടുക്കാതിരിക്കാൻ ശ്രദ്ധിക്കുമോ ?

ശ്രീ. എം. കെ. കൃഷ്ണൻ : ഹരിജൻ കോളനികളിൽ ഒരു ക്രിസ്ത്യാനി ഹരിജനങ്ങളല്ലാത്തവർക്ക് താമസിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: നിയമപ്രകാരമല്ലാതെ ഹരിജനങ്ങളല്ലാത്തവർ, ബലമായി കയറി താമസിക്കുന്ന പതിവുണ്ട്. അങ്ങനെയുള്ളവർക്ക് പട്ടയം കൊടുക്കാതിരിക്കുമോ ?

ശ്രീ. എം. കെ. കൃഷ്ണൻ : അനധികൃതമായി ആരെങ്കിലും കൈയേറിയിട്ടുള്ളതായി ചൂണ്ടിക്കാണിച്ചാൽ വേണ്ട നടപടിയെടുക്കാം.

ശ്രീ. പി. കുഞ്ഞൻ : ഹരിജൻ കോളനികളിൽ പത്തും ഇരുപതും കൊല്ലമായി സ്ഥിരമായി കോളനികളിൽ താമസിക്കുന്നവർക്ക് പട്ടയം കിട്ടാത്തതുമൂലം സൊസൈറ്റികളിൽനിന്ന് അവർക്ക് കിട്ടാവുന്ന ആനുകൂല്യങ്ങൾ ലഭിക്കാൻ പ്രയാസമായിരിക്കുന്നു. ഇത്തരം കാര്യങ്ങളിൽ ഇന്നുള്ള വൈഷമ്യങ്ങൾ ഒഴിവാക്കാൻ ഉടനടി പട്ടയം കൊടുക്കാൻ നടപടിയെടുക്കുമോ ?

ശ്രീ. എം. കെ. കൃഷ്ണൻ : പല തരത്തിലുള്ള പ്രയാസങ്ങൾ ഉള്ളതുകൊണ്ടാണ് പട്ടയം കൊടുക്കേണ്ടുള്ള നടപടികൾ ത്വരിതപ്പെടുത്താൻ ഉദ്ദേശിക്കുന്നത്.

ശ്രീ. ഇ. പി. കൃഷ്ണൻനമ്പ്യാർ : ഹരിജൻ കോളനികളിൽ പാർക്കുന്നവർക്ക് പട്ടയം കൊടുത്തിട്ടില്ലെന്നു മാത്രമല്ല, അവർ പാർക്കുന്ന കുടിലുകൾതന്നെ അപകടകരമായ നിലയിലായിട്ടുള്ളതിനു തെളിവായി കണ്ണൂർ ജില്ലയിലെ ഒരു ഹരിജൻ കോളനിയിലെ കെട്ടിടങ്ങൾ വളരെ അപകടകരമായ നിലയിൽ നിൽക്കുകയാണ്. ഈ വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. എം. കെ. കൃഷ്ണൻ : ശ്രദ്ധയിൽ പെട്ടിട്ടില്ല. ശ്രദ്ധയിൽ പെടുത്തിയാൽ നടപടി സ്വീകരിക്കാം.

ശ്രീ എം. എം. തോമസ്സ് : തൊടുപുഴ താലൂക്കിൽ കോളിയാർ കോളനി നിവാസികൾക്ക് പട്ടയം കൊടുക്കുന്ന നടപടി ത്വരിതപ്പെടുത്തുമോ ?

ശ്രീ. എം. കെ. കൃഷ്ണൻ : ഏതു കോളനിയാണെന്നറിവില്ല, ഹരിജൻ കോളനിയാണോ?

ശ്രീ ഒ. കോരൻ : ഇതുവരെ എത്രപേർക്ക് പട്ടയം കൊടുത്തുകഴിഞ്ഞിട്ടുണ്ട്; ഈ നടപടി ത്വരിതപ്പെടുത്താൻ എന്തു നടപടിയാണു സ്വീകരിച്ചിട്ടുള്ളതു?

ശ്രീ. എം. കെ. കൃഷ്ണൻ: മറുപടിയിൽ ഞാൻ പറഞ്ഞുകഴിഞ്ഞതാണ്. വിവരം ശേഖരിച്ചുവരുന്നു എന്നും ത്വരിതപ്പെടുത്താനുള്ള നടപടികളും കൂടിയുണ്ടായി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ബി. മാധവൻ നായർ : ഹരിജനങ്ങൾക്കു പട്ടയം നൽകുന്നതിനു മുമ്പായി പ്പെടുത്തിയിട്ടുള്ള കമ്മിറ്റി നടപടികളും സ്വീകരിക്കുമ്പോൾ പല അതിർത്തിത്തർക്ക

ങ്ങളും അവകാശത്തർക്കങ്ങളും ഉണ്ടാകുന്നതുമൂലം കാലതാമസം സ്വാഭാവികമായുണ്ടാകുന്നുണ്ട്. അതു് ഒഴിവാക്കാൻ ഹരിജൻ കോളനികളിൽ പാർക്കുന്നവർക്കു് പട്ടയം കൊടുക്കുമ്പോൾ കോളനി സംഘടനാ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി കമ്മിറ്റി ഉണ്ടാക്കാൻ ശ്രമിക്കുമോ ?

ശ്രീ. എം. കെ. കൃഷ്ണൻ : പട്ടയം കൊടുക്കാൻ ആരംഭിച്ചതിനുശേഷം അതിത്തിത്തർക്കംമൂലം ആ പ്രക്രിയ നിറുത്തിവയ്ക്കേണ്ടിവന്നിട്ടില്ല. കമ്മിറ്റി രൂപവൽക്കരിച്ചതിന്റെ അടിസ്ഥാനത്തിൽ പട്ടയം കൊടുക്കുന്നതു് കാലതാമസം വർദ്ധിപ്പിക്കുകയുള്ളൂ.

ശ്രീ. പി. കെ. രാഘവൻ : പട്ടയം കൊടുക്കുന്നതോടൊപ്പംതന്നെ, കോളനികളിൽ താമസിക്കുന്നവർക്കു് താമസത്തിനു പറ്റിയ ഭവനങ്ങൾ ഉണ്ടാക്കുന്നതിനുകൂടി നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. കെ. കൃഷ്ണൻ : ഭവനനിർമ്മാണപദ്ധതി പ്രത്യേകമുണ്ടു്.

ശ്രീ. പി. കെ. രാഘവൻ : ഭവനമില്ലാതെ 8-ും 10-ും സെന്റു ഭൂമി പതിച്ചുകിട്ടിയവർ കോളനികളിൽ താമസിക്കുന്നുണ്ടു്. അങ്ങനെയുള്ളവർക്കു് ഭവനം നിർമ്മിക്കാൻ സഹായം നൽകുമോ ?

ശ്രീ. എം. കെ. കൃഷ്ണൻ : ബഡ്ജറ്റിൽ പ്രൊവിഷനുള്ള സാമ്പത്തികസഹായം ഉപയോഗിച്ചു വീടുകൾ ഉണ്ടാക്കി കൊടുക്കുന്നുണ്ടു്.

ശ്രീ. എ. എസ്സു്. എൻ. നമ്പീശൻ : പട്ടയം കൊടുക്കുന്നതിനു മാത്രമല്ല, താൽക്കാലിക പട്ടയം കൊടുക്കുന്നതിനുപോലും ആവശ്യമായ സ്റ്റാഫു് ഇല്ല. ആവശ്യമായ സ്റ്റാഫു് ഉണ്ടാക്കണമെങ്കിൽ ലക്ഷക്കണക്കിനു രൂപ ഗവണ്മെന്റിനു ചെലവാക്കേണ്ടതുണ്ടു്. അതുകൊണ്ടു് സ്ഥിരം പട്ടയം കൊടുക്കുന്നതിനു മുമ്പു് ഇന്നയിന്ന സർവ്വേ നമ്പരുകളിൽ ഇത്ര സെന്റു സ്ഥലം കൊടുക്കാമെന്നുള്ള രീതിയിൽ ഒരു താൽക്കാലിക സർട്ടിഫിക്കറ്റു കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. കെ. കൃഷ്ണൻ: താൽക്കാലിക സർട്ടിഫിക്കറ്റു കൊടുക്കുവാൻ നടപടി സ്വീകരിക്കുകയില്ല. താൽക്കാലിക പട്ടയം കൊടുക്കുവാൻ നടപടി സ്വീകരിക്കുന്നതാണു്.

ശ്രീ. പി. എസ്സു്. അച്യുതാനന്ദൻ : കുട്ടനാട്ടിൽ ഹരിജനങ്ങൾക്കു പ്രത്യേകമായി ഒരു ശ്മശാനം ഇല്ലാത്തതുകൊണ്ടു ശവസംസ്കാരാദി കർമ്മങ്ങൾക്കു വലിയ പ്രയാസം നേരിടുന്നുണ്ടു്. അതുകൊണ്ടു് അടിയന്തിരമായി ഒരു ശ്മശാനം ഉണ്ടാക്കിക്കൊടുക്കുന്നതിനു് ഏർപ്പാടു ചെയ്യുമോ ?

ശ്രീ. എം. കെ. കൃഷ്ണൻ : ഇതു കോളനിയെ സംബന്ധിച്ചുള്ള ചോദ്യമാണു്. ശ്മശാനത്തെ സംബന്ധിച്ച പ്രത്യേകം ചോദ്യം ചോദിക്കണം.

ശ്രീ. പി. ഗംഗാധരൻ : കോളനിയെ സംബന്ധിച്ച ചോദിച്ച ചോദ്യങ്ങൾക്കു വിവരം ശേഖരിച്ചുവരുന്നു എന്നാണു് മറുപടി കിട്ടിയതു്. ഇതിനു മുമ്പും ഹരിജനങ്ങളെ സംബന്ധിച്ച അവരുടെ സ്വീസു സംബന്ധിച്ച ചോദ്യങ്ങൾക്കായാലും മറ്റു കാര്യങ്ങളെ സംബന്ധിച്ചായാലും വിവരം ശേഖരിച്ചുവരുന്നു എന്ന മറുപടിയാണു് ലഭിക്കാറുള്ളതു്. ഹരിജനങ്ങളെ സംബന്ധിച്ച മാത്രം വിവരം ശേഖരിക്കുന്നതിനു പ്രതിബന്ധമായി നിൽക്കുന്ന വസ്തുത എന്താണെന്നു പരിശോധിച്ചു് കഴിയുന്നതും പരിഹാരമുണ്ടാക്കുവാൻ ശ്രമിക്കുമോ ?

ശ്രീ. എം. കെ. കൃഷ്ണൻ : 425 കോളനികൾ ഉണ്ടു്. ഈ 425 കോളനിയിൽ എവിടെയെല്ലാം പട്ടയം കൊടുത്തു എന്നുള്ളതിന്റെ വിവരം ഹരിജൻ വെൽഫെയർ

LIBRARY ARCHIVES Kerala Legislative Assembly

ആഫീസറുടെ പക്കൽനിന്നും കിട്ടുന്നതാണ്. മെമ്പർ സൂചിപ്പിക്കുന്നതുപോലെ ഗവണ്മെന്റിന്റെ അനാസ്ഥയൊന്നുമല്ല. അതിനെ സംബന്ധിച്ചുള്ള വിവരം ശേഖരിച്ചുവരികയാണ്. അതു ലഭിക്കാതെ ഉത്തരം പറയുവാൻ സാധിക്കുകയില്ല.

ശ്രീ. ടി കെ രാമകൃഷ്ണൻ : പഴയ കോളനികളും വിശേഷിച്ചും റവന്യൂ ഡിപ്പാർട്ടുമെന്റിൽനിന്നും കൈമാറ്റം ചെയ്തിട്ടുള്ളവയ്ക്ക് വൃക്ഷത്തിന്റെ വില ഈടാക്കുന്നതിനുള്ള നടപടി റവന്യൂ ഡിപ്പാർട്ടുമെന്റ് ഈടാക്കിവരുന്നുണ്ട്. പഴയ കോളനിയെ സംബന്ധിച്ചിടത്തോളം റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ കൈവശത്തിലാണെങ്കിലും ഇങ്ങനെ വൃക്ഷത്തിന്റെ വില ഈടാക്കരുതെന്നുള്ള നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. എം. കെ. കൃഷ്ണൻ : അങ്ങനെ നിർദ്ദേശം കൊടുക്കുവാൻ സാധിക്കുകയില്ല. കേരളാ ലാൻഡ് അസൈൻമെന്റ് ആക്റ്റ് അനുസരിച്ച് ഇപ്രകാരം കൈമാറ്റം ചെയ്യുന്ന ഭൂമിയിലുള്ള മരങ്ങൾക്ക് വില കൊടുക്കണം.

ശ്രീമതി കെ. ആർ ഗൗരി : സർ, ഇങ്ങനെ റവന്യൂ ഡിപ്പാർട്ടുമെന്റിൽനിന്നും കൈമാറ്റം ചെയ്തിട്ടുള്ള ഭൂമിയിലുള്ള തടിയും ആ കോളനിയിൽ താമസിക്കുന്നവരുടെ ഭോഗത്തിനാണെങ്കിൽ തടിവില ഈടാക്കുകയില്ല. ഗവണ്മെന്റ് കൈയ്യിൽ കൊടുക്കുമ്പോൾ അവിടെ ഉണ്ടായിരിക്കുന്ന തടികളുടെ വില മാത്രമേ ഈടാക്കുന്നുള്ളൂ. അതു തന്നെയും ഭയങ്കരവിലയൊന്നും ഈടാക്കുകയല്ല സീനിയറേജ് റേറ്റ് മാത്രമാണ് ഈടാക്കുന്നത്. മാർക്കറ്റ് വില ഈടാക്കുന്നില്ല. അങ്ങനെ സീനിയറേജ് റേറ്റ് ഈടാക്കുന്നതിനു അവരുടെ സാമ്പത്തികനില നോക്കി ഇൻസ്റ്റാൾമെന്റ് ആയിട്ട് ഈടാക്കുന്നതിനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. എം. രാമുണ്ണി: പട്ടയം കൊടുക്കുന്നതിനു നിശ്ചയിച്ചിരിക്കുന്ന ഭൂമിയിൽ ഹരിജനങ്ങളല്ലാത്ത മറ്റുള്ളവർ കൈമാറ്റം ചെയ്യുന്നതിനു എതിരായി നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. കെ. കൃഷ്ണൻ : ഹരിജനങ്ങളും അല്ലാത്തുള്ളവരല്ല കൈമാറ്റം ചെയ്യുന്നത്. ഹരിജനങ്ങളും തന്നെയാണ്. അതു വരാതിരിക്കുവാൻ ബഹുമാനപ്പെട്ട മെമ്പറുമാരെപ്പോലുള്ളവർ ഹരിജനങ്ങളെ ബോധവാന്മാരാക്കേണ്ടതുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി : ഈ ചോദ്യത്തിനും ഉത്തരം പറയാം. ഗവണ്മെന്റിന്റെ നിയമമനുസരിച്ചു പട്ടയം കൊടുത്ത ഭൂമി കൈമാറ്റം ചെയ്യാൻ പാടില്ല. പക്ഷേ അങ്ങനെ നിയമത്തിൽ എഴുതിയതിലും കൈമാറ്റം ചെയ്യുന്നു. കൈമാറ്റം ചെയ്യുന്ന ഭൂമിയെ സംബന്ധിച്ചിടത്തോളം അസൈൻമെന്റ് റൂൾസ് പ്രകാരം ക്യാൻസൽ ചെയ്യാം എന്നുണ്ട്. അങ്ങനെ ഇന്നത്തെ നിലയിൽ സ്ഥിരമായിട്ട കൈമാറ്റം വന്നിട്ടുള്ളതു റഗുലറൈസ് ചെയ്യാനുള്ള ഒരു സ്ഥിതി വിശേഷം ഉണ്ടായിട്ടുണ്ട്.

ശ്രീ. എം. രാമുണ്ണി : നിയമപ്രകാരം എന്തെങ്കിലും പരിരക്ഷ നൽകുവാൻ സാധിക്കുമോ ?

ശ്രീമതി കെ. ആർ ഗൗരി : ഹരിജനങ്ങളേയും ഹിൽ ട്രൈബ്സിനേയും സംബന്ധിച്ചു പ്രത്യേക ലജിസ്ലേഷൻതന്നെ കൊണ്ടുവരുവാൻ ഗവണ്മെന്റ് ആഗ്രഹിക്കുന്നുണ്ട്.

ശ്രീ. വി. കുട്ടിക്കൃഷ്ണൻ നായർ : കുത്താളിയിൽ ഹരിജനങ്ങൾക്കു പതിച്ചുകൊടുത്തിട്ടുള്ളതു മറ്റുള്ളവർ കയ്യേറുന്നുവെന്ന പരാതി ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ?

ശ്രീ. എം. കെ. കൃഷ്ണൻ : കുത്താളിയിൽ ഹരിജനങ്ങൾക്കു പതിച്ചുകൊടുത്തിട്ടുള്ള സ്ഥലം തെരഞ്ഞെടുക്കപ്പെടാത്ത ഹരിജനങ്ങൾ കയ്യേറുന്നുവെന്ന പരാതി കിട്ടിയിട്ടുണ്ട്. അതു പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ശിവരാമഭാരതി : ഹരിജനങ്ങൾക്കു പതിച്ചുകൊടുക്കുന്ന ഭൂമി മറ്റുള്ളവർക്കു കൈമാറ്റം ചെയ്തു അവ പിന്നീടു റഗുലറൈസു ചെയ്യാനുള്ള ഒരു പ്രവണത കാണുന്നുണ്ടു്. ഇങ്ങനെയുള്ള പ്രവണത ഇല്ലാതാക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരി : നമുക്കു് ഇപ്പോഴുള്ള ഒരു ബുദ്ധിമുട്ടാണു് അതു്. അങ്ങനെ റഗുലറൈസു് ചെയ്തു കൊടുത്തേ പറ്റൂ. അതുകൊണ്ടാണു് ഹിൽ ടൈബു് സിന്റെ കയ്യിൽ ഇന്നിരിക്കുന്ന ഭൂമി കൈമാറ്റം ചെയ്തതു് തിരിയെ എടുക്കണമെങ്കിൽ ഒരു പ്രത്യേക ലജിസ്ലേഷൻ ആവശ്യമാണെന്നു ഞാൻ പറഞ്ഞതു്. അതു് അടുത്തുതന്നെ കൊണ്ടുവരും. അതു് ഡ്രാഫ്റ്റിംഗ് സ്റ്റേജിൽ ആയിരിക്കുകയാണു്.

ശ്രീ. ഓ. കോരൻ: പട്ടയം കൊടുക്കുന്നതിനുള്ള നടപടി എന്നത്തേയ്ക്കു പൂർത്തിയാകുമെന്നു പറയുമോ ?

ശ്രീ. എം. കെ. കൃഷ്ണൻ : അതിനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണു്. കഴിയുന്നത്ര വേഗം എടുക്കണമെന്നാണു് വിചാരിക്കുന്നതു്. അതിനുള്ള ബുദ്ധിമുട്ടു് സർവ്വേ ചെയ്തു കിട്ടുവാനുള്ള ബുദ്ധിമുട്ടാണു്. സർവ്വേ ചെയ്യാനുള്ള നടപടികളും അടുത്ത കാലത്തു സ്വീകരിച്ചിട്ടുണ്ടു്.

ജില്ലാ രൂപീകരണം

* 174 [629] ശ്രീ. ആർ. കൃഷ്ണൻ (പാലക്കാടു്)
,, ഈ. വി. കുമാരൻ
,, പി. പി. കൃഷ്ണൻ
: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1956-നു മുമ്പു് തിരുവിതാംകൂർ-കൊച്ചി, മലബാർ ഭാഗങ്ങളിൽ എത്ര ജില്ലകൾ നിലവിലുണ്ടായിരുന്നു.

(ബി) 1956-നു ശേഷം രൂപീകൃതമായിട്ടുള്ള ജില്ലകൾ ഏവ ?

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) :

(എ) 1956-നു മുമ്പു് തിരുവിതാംകൂർ-കൊച്ചി പ്രദേശത്തു നാലു ജില്ലകളും മലബാർ പ്രദേശത്തു ഒരു ജില്ലയും നിലവിൽ ഉണ്ടായിരുന്നു.

(ബി) താഴെ പറയുന്ന വിവിധ ജില്ലകൾ 1956-നു ശേഷം രൂപീകരിക്കപ്പെട്ടു.

1. കണ്ണൂർ
2. കോഴിക്കോടു്
3. പാലക്കാടു്
4. എറണാകുളം
5. ആലപ്പുഴ
6. മലപ്പുറം

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാടു്) : അടുത്ത മാവിയിൽ വല്ല ജില്ലകളും രൂപീകരിക്കുമ്പോൾ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരി : മലമാട ജില്ലയുടെ പ്രശ്നം ഉണ്ടു്. അതിനു് ഒരു സ്പെഷ്യൽ ഓഫീസറെ അപ്പോയിന്റു് ചെയ്തിട്ടുണ്ടു്. അദ്ദേഹം റിപ്പോർട്ടു് സമർപ്പിച്ചുകഴിഞ്ഞിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly